(ഇ) ക്ഷേത്രത്തിന് നൽകിവരുന്ന ആനിറ്റി തുക ഉപയോഗിച്ച് ക്ഷേത്രകാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ല എന്നതിനാൽ അവർക്ക് നൽകുന്ന ആനിറ്റി തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ആനിറ്റിക്ക് അപേക്ഷ നൽകിയിട്ടുള്ള എല്ലാ കേസ്സുകളും തീർപ്പു കൽപ്പിച്ചുകഴിഞ്ഞിട്ടില്ലാത്തതിനാൽ കൃത്യമായ കണക്ക് നൽകാൻ കഴിയില്ല. ഇങ്ങനെ തീർപ്പുകല്പിക്കാത്ത കേസ്സുകളിൽ ഇടക്കാല വർഷാശനം നൽകുന്നുണ്ട്. വാർഷിക ബഡ്ജറ്റിൽ ആനിറ്റിക്കായി വകകൊള്ളിച്ചിട്ടുള്ള തുക ഇപ്രകാരമാണ്.

1996-97	-	60 ലക്ഷം രൂപ
1997-98	-	148 ലക്ഷം രൂപ
1998-99	-	100 ലക്ഷം രൂപ
1999-2000	-	65 ലക്ഷം രൂപ

(സി) അന്തിമ വർഷാശനം തീർപ്പാക്കിയിട്ടുള്ള ക്ഷേത്രങ്ങളുടെ കൂട്ടത്തിൽ കൂടൽമാണിക്യം ക്ഷേത്രത്തിനാണ് ഏറ്റവും കൂടുതൽ കുടിശ്ശിക നൽകാനുള്ളത്.

(ഡി) 1999-ലെ വർഷാശന സംഖ്യയുംകൂടി 160 ലക്ഷം രൂപയോളം നൽകാനുണ്ട്.

(ഇ) ഉണ്ട്.

(എഫ്) കാലാകാലങ്ങളിൽ ആനിറ്റി തുക വർദ്ധിപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി നിയമഭേദഗതി നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്.

36 (1787) ഗ്രാമീണ വികസനബോർഡ്

ശ്രീ. ടി.കെ. ബാലൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഗ്രാമീണ വികസന ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബോർഡ് ഇതിനകം ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനകം എത്ര പദ്ധതികൾ പൂർത്തീകരിച്ചു; എത്ര പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന ഗ്രാമീണ വികസന ബോർഡിന് മരാമത്തു പണികൾ നേരിട്ട് നടപ്പിലാക്കാൻ അധികാരമുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പഞ്ചായത്തുകളുടെ വരുമാനശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ആദായകരമായ വികസനപദ്ധതികളാണ് കേരള സംസ്ഥാന ഗ്രാമ വികസന ബോർഡ് ഇപ്പോൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്;

(ബി) പഞ്ചായത്തുകളുടെ ആവശ്യപ്രകാരം ബോർഡ് ഇതിനകം ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത് ഗ്രാമങ്ങളിലെ എല്ലാവിഭാഗം ജനങ്ങളുടേയും ജീവിതവുമായി ബന്ധപ്പെട്ട പദ്ധതികളാണ്. അവയിൽ മാർക്കറ്റ് സ്റ്റാളുകൾ, ഷോപ്പിംഗ് സെന്ററുകൾ, ലോഡ്ജിംഗ് ഹൗസുകൾ, ഓഫീസ് കെട്ടിടങ്ങൾ, മിനി സിവിൽ സ്റ്റേഷനുകൾ, ആഡിറ്റോറിയം, ബസ് സ്റ്റാന്റുകൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

(സി) ഇതിനകം 712 പദ്ധതികൾ പൂർത്തീകരിച്ച് അവ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഇപ്പോൾ 28 പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ വിവിധ പഞ്ചായത്തുകളിലായി നടന്നുവരുന്നു.

(ഡി) അധികാരം ഇല്ല. സംസ്ഥാന പൊതുമരാമത്ത് വകുപ്പു മുഖേനയാണ് ഗ്രാമ വികസന ബോർഡ് വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

(ഇ) സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശ അനുസരിച്ച് ഗ്രാമവികസന ബോർഡിനെ ഒരു ധനകാര്യ സ്ഥാപനം മാത്രമാക്കി മാറ്റാൻ നടപടികൾ ആരംഭിച്ചു കഴിഞ്ഞതിന്റെ പശ്ചാത്തലത്തിൽ ഇത് സാദ്ധ്യമല്ല.

37 (1788) പെർഫോർമൻസ് ആഡിറ്റ് സംവിധാനം

ശ്രീ. പി.കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെർഫോർമൻസ് ആഡിറ്റിനുവേണ്ടി ഏതൊക്കെ തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ചുവെന്ന് വിശദീകരിക്കുമോ;

(ബി) സംസ്ഥാന ആഡിറ്റാഫീസർ, ആഡിറ്റ് അതോറിറ്റി എന്നിവരെ നിയമിക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) നിയമനം നീണ്ടുപോകുന്നതുകൊണ്ട് ജില്ലാ ആഡിറ്റാഫീസർമാർ നടത്തുന്ന പരിശോധനകളുടെ റിപ്പോർട്ടനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിയമനം ഉടൻ നടത്തുമോ;

(ഇ) പെർഫോർമൻസ് ആഡിറ്റ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly